**ഭക്ഷ്യധാന്യ വിതരണം 'ഇക്കോ ഫ്രണ്ട്‌ലി' ആക്കാൻ സപ്ലൈകോയ്ക്ക് വേണ്ടി പേപ്പർ കവറുകൾ നിർമിച്ച് നൽകി തൃശൂർ ജില്ലയിൽ നിന്നുള്ള അയൽക്കൂട്ടങ്ങൾ**

കൊറോണ രോഗത്തിന്റെ വ്യാപനം തടയുന്നതിനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും പ്രഖ്യാപിച്ചിരുന്നു കേരള സർക്കാർ. ഇതിൽ സൗജന്യ റേഷൻ വിതരണം സംസ്ഥാനത്ത് ഇതിനോടകം ആരംഭിച്ചിരുന്നു. ഇപ്പോൾ ആരംഭിച്ച ഭക്ഷ്യധാന്യ കിറ്റ് വിതരണം, തൃശൂർ ജില്ലയിൽ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കാതെ പൂർണമായും 'ഇക്കോ ഫ്രണ്ട്‌ലി' ആയി നടത്തുവാൻ സപ്ലൈകോയ്ക്ക് പേപ്പർ കവറുകൾ നിർമിച്ച് നൽകി മാതൃകയായിരിക്കുകയാണ് തൃശൂർ ജില്ലയിൽ നിന്നുള്ള അയൽക്കൂട്ടങ്ങൾ. തൃശൂർ ജില്ലയിലെ എടത്തിരുത്തി പഞ്ചായത്തിൽ നിന്നുള്ള കുടുംബശ്രീ അംഗങ്ങൾ ആണ് പത്രം കൊണ്ട് പേപ്പർ കവറുകൾ നിർമ്മിച്ച സപ്ലൈകോയ്ക്ക് നൽകിയത്. എടത്തിരുത്തി പഞ്ചായത്തിലെ 18 വാർഡുകളിൽ നിന്നുള്ള അയൽക്കൂട്ടങ്ങൾ സംയുക്തമായി അൻപതിനായിരത്തിലേറെ പേപ്പർ കവറുകളാണ് 3 ദിവസത്തിനുള്ളിൽ സപ്ലൈകോയ്ക്ക് വേണ്ടി തയ്യാറാക്കിയത്.

ഭക്ഷ്യധാന്യ കിറ്റ് വിതരണം സംബന്ധിച്ചു എം.എൽ.എ ബ്ലോക്ക് തലത്തിൽ വിളിച്ചു ചേർത്ത യോഗത്തിലാണ് ഇത്തരമൊരു ആശയം ഉരുത്തിരിഞ്ഞത്. പ്ലാസ്റ്റിക് ഒഴിവാക്കി എങ്ങനെ ഭക്ഷ്യധാന്യ വിതരണം നടത്താമെന്ന ചിന്തയിൽ പേപ്പർ ബാഗ് നിർമിക്കാമെന്ന തീരുമാനമായി. ഇതനുസരിച്ചു ആവശ്യമായ പേപ്പർ കവറുകൾ നിർമിക്കുവാൻ സഹായിക്കാമോ എന്ന് എടത്തിരുത്തി പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്തിലെ കുടുംബശ്രീ കൂട്ടായ്മയോട് ചോദിച്ചു. ഓരോ വാർഡും ആയിരം പേപ്പർ കവറുകൾ നിർമിച്ചു നൽകാനായിരുന്നു അയൽക്കൂട്ടങ്ങൾക്ക് നിർദേശം നൽകിയത്. എന്നാൽ

അയൽക്കൂട്ട അംഗങ്ങളുടെ കുട്ടികൾ അടക്കമുള്ള കുടുംബാംഗങ്ങൾ കൂടി ഈ ഉദ്യമത്തിൽ പങ്കാളികളായതോടെ ഒരു വാർഡിൽ നിന്നും ആയിരം പേപ്പർ കവറുകൾ എന്നത് മൂവായിരം പേപ്പർ കവറുകൾ ആയി. എടത്തിരുത്തി പഞ്ചായത്തിൽ ആകെ പതിനെട്ട് വാർഡുകളിലായി 302  അയൽക്കൂട്ടങ്ങളും 5200 അംഗങ്ങളും ആണുള്ളത്.

എടത്തിരുത്തി സി.ഡി.എസ് ചെയർപേഴ്സൺ, താൻ പേപ്പർ കവർ ഉണ്ടാക്കുന്ന വിധം വീഡിയോ എടുത്ത് വാട്സ്ആപ്പ് ഗ്രൂപ്പ് വഴി മറ്റു അംഗങ്ങൾക്ക് പങ്കു വെച്ചു അയൽക്കൂട്ട അംഗങ്ങളെ പരിശീലിപ്പിക്കുകയാണ് ചെയ്തത്. ഇത് കണ്ടു പഠിച്ച ഓരോ അംഗങ്ങളും അങ്ങനെ സ്വയം പേപ്പർ കവർ ഉണ്ടാക്കാൻ തുടങ്ങുകയായിരുന്നു.  മൈദ കൊണ്ടുണ്ടാക്കിയ പശ ഉപയോഗിച്ചാണ് ഇവർ പേപ്പർ കവറുകൾ ഉണ്ടാക്കിയത്. തൂക്കം അനുസരിച്ചു പല അളവുകളിൽ ഉള്ള പേപ്പർ കവറുകൾ ഇവർ ഇങ്ങനെ നിർമിച്ചു. അങ്ങനെ മൂന്ന് ദിവസം കൊണ്ട് പഞ്ചായത്തിലെ അയൽക്കൂട്ടങ്ങൾ അൻപതിനായിരത്തിലേറെ പേപ്പർ കവറുകൾ സപ്ലൈകോയ്ക്ക് നിർമിച്ച് നൽകി. പ്രതിസന്ധി കാലഘട്ടത്തിലും പരസ്പരം സഹായിച്ച് ഭക്ഷ്യധാന്യ വിതരണം ’ഇക്കോ ഫ്രണ്ട്ലി’ ആക്കാൻ സപ്ലൈകോയ്ക്ക് വേണ്ടി പേപ്പർ കവറുകൾ നിർമിച്ച് നൽകി മാതൃകയായിരിക്കുകയാണ് തൃശ്ശൂരിൽ നിന്നുള്ള ഒരു കൂട്ടം കുടുംബശ്രീ വനിതകൾ.